# സമസ്തയും, മഹാന്മാരും, അദൃശ്യമറിയലും



## മുജാഹിദ്, ജമാഅത്ത് പ്രവർത്തകരുടെ ധാരണ

“സാധാരണ മുജാഹിദ്, ജമാഅത്ത് പ്രവർത്തകർ മഹാത്മാക്കൾക്ക് അദൃശ്യങ്ങൾ അറിയില്ലെന്നു തന്നെയാണ് ധരിച്ചു വെച്ചിരിക്കുന്നത്.”
(തെററുധരിക്കപ്പെട്ട തൗഹീദ്, പേ:246, അമ്പലക്കടവ് ഫൈസി)

## സമസ്തയുടെ ധാരണ

“കുപ്പിയിലെ വസ്തുപോലെ മനുഷ്യ ഹൃദയങ്ങളിലെ അദൃശ്യമറിയാൻ മഹാന്മാർക്ക് കഴിയും.”
(മുഹ്‌യുദ്ദീൻ മാല വ്യാഖ്യാനം, പേ: 2/56, മുസ്തഫൽ ഫൈസി)

## ആരാണ് സമസ്തയുടെ മഹാന്മാർ; ചില സാമ്പിളുകൾ

### ഒന്ന്:

*“രണ്ട് കള്ളിൻകുപ്പിയുമായി ദുതൻ ശൈഖിന്റെ സന്നിധിയിലെത്തി. ഉടനെ ശൈഖ് ചോദിച്ചു: എന്തേ ഇത്ര വൈകിയത്? നീ കറി കൊണ്ടുവരുന്നത് കാത്തിരിക്കുകയാണ് ഞാൻ. ശൈഖവർകൾ ഒരു കുപ്പി പൊട്ടിച്ചു അപ്പത്തിൽ ഒഴിച്ചു. എന്നിട്ട് അത് കൊണ്ടു വന്ന ആളോട് പറഞ്ഞു ഇരിക്കുക, നീയും തിന്നു കൊൾക. ശൈഖും ഫക്വീറുമാരുമൊത്ത് നാടുവാഴിയുടെ ദൂതനും അത് തിന്നു. ആ ദൂതൻ പറയുന്നു. ഞാനത് തിന്ന് നോക്കുമ്പോൾ എന്തൊരു രുചി? ബഹുവിശിഷ്ടമായ ഭക്ഷണം. അപ്പത്തിലൊഴിച്ച കള്ള് നല്ല സ്വാദുള്ള ഒന്നാം തരം നെയ്യായി മാറിക്കഴിഞ്ഞിരിക്കുന്നു. (ഖസസുൽ ഔലിയാഅ്, 1/34, കെ. വി. മുഹമ്മദ് മുസ്ല്യാർ, പന്താവൂർ)*

### രണ്ട്:

*“ഒരു ദിവസം ശൈഖ് ഫരീദുദ്ദീൻ ഒരു യാത്രക്കൊരുങ്ങി. വാഹനമൊന്നും കിട്ടാതെ വന്നപ്പോൾ കടലാസു കൊണ്ട് ഒരു കപ്പൽ നിർമ്മിച്ചു. അതിൽ കയറി യാത്രയായി. കുറച്ചു കൂടി സഞ്ചരിച്ചപ്പോൾ തീരപ്രദേശത്ത് മാളിക മുകളിൽ താമസിക്കുകയായിരുന്ന ഒരു വലിയ്യ് ആ കപ്പൽ നോക്കി പറഞ്ഞു: കടലാസു കപ്പലിൽ കയറി വരുന്നത് ആരാണാവൊ? അതങ്ങ് മുങ്ങിപ്പോയാൽ, ഇത്രയും പറഞ്ഞ് നിർത്തി. ആ വാഹനം മുങ്ങേണ്ട നിലയിലായി. ശൈഖവർകളുടെ മുഖഭാവം മാറി. അവർ പറഞ്ഞു. ഇങ്ങനെ പറഞ്ഞു ഫലിപ്പിക്കുന്ന ആൾക്ക് രണ്ട് കൊമ്പുകൂടി ഉണ്ടായിരുന്നെങ്കിൽ. പറഞ്ഞു തീരേണ്ട താമസം. അദ്ദേഹത്തിന് ഭീമാകാരമായ രണ്ട് കൊമ്പുകൾ പ്രത്യക്ഷപ്പെട്ടു. തലയുയർത്താൻ കഴിയാതെ വിഷമിച്ചു. സംഗതി മനസിലായപ്പോൾ ആ മഹാൻ കപ്പൽ രക്ഷപ്പെടാൻ പ്രാർഥിച്ചു. കപ്പൽ രക്ഷപ്പെട്ടു. കരക്കണയാറായപ്പോൾ കൊമ്പുകൾ മാഞ്ഞു പോകാൻ തുടങ്ങി. ശൈഖ് പ്രാർത്ഥിച്ചു.” (ഔലിയാക്കൾ ഒരു പഠനം: പേജ് 91)*

**കഥയിൽ ചോദ്യമില്ലെന്നറിയാം!! വിഷയം മഹാത്മാക്കൾക്ക് അദൃശ്യമറിയലായതിനാൽ ചോദിക്കുകയാണ്:**

- *മാളികമുകളിലെ വലിയ്യിന് ‘കടലാസു കപ്പലിൽ’ വരുന്നത് ആരാണെന്ന അദൃശ്യം അറിയാതിരുന്നതെന്തു കൊണ്ട്?*
- *കടലാസു കപ്പലിലെ ശൈഖിന്, ‘അതങ്ങ് മുങ്ങിപ്പോയാൽ’ എന്നു പറഞ്ഞയാൾ വലിയ്യാണെന്ന് അദൃശ്യം അറിയാതിരുന്നത് എന്ത് കൊണ്ട്?*
- *കൊമ്പു മുളച്ച ശൈഖ് പ്രാർത്ഥിച്ചില്ലായിരുന്നുവെങ്കിൽ കടലാസു കപ്പലിലെ ശൈഖിന്റെ അവസ്ഥയെന്താകുമായിരുന്നു?*
- *മുങ്ങാൻ പോയ കപ്പലിനെ പ്രാർഥിച്ചു രക്ഷപ്പെടുത്തിയ വലിയ്യിനെന്തേ, സ്വന്തം തലയിലെ കൊമ്പിനെ പ്രാർത്ഥിച്ചു മാറ്റാൻ കഴിഞ്ഞില്ല?*
- *ആരോടായിരിക്കും വലിയ്യവർകൾ പ്രാർത്ഥിച്ചി*

**മൂന്ന്:**

“മുന്നം **തുടി** മുട്ടി കഅബാനെ ചുറ്റുമ്പോൾ
മക്കികൾ ഇമ്പിതം വേണ്ടാന്ന് ചൊന്നോവർ
ഉടനെ രിഫാഇ മതിലുമ്മൽ കുളത്തിയാൻ
അപ്പൊൾ കഅ്ബം ത്വവാഫെന്ന് ചൊന്നോവർ
ഉടനെ കഅ്ബം തുളുകുന്ന നേരത്ത്
എളിവർ രിഫാഈ എന്ന് അള്ളാ വിളിച്ചോവർ
ഏളാകാശം ബാതിൽ ഒക്കെ തുറന്നു പോയ്
ഇളകി മലക്കുകൾ ഒക്കെ വിളിച്ചോവർ”
(രിഫാഈ മാലയിൽ നിന്ന്)

*(ശൈഖ് രിഫാഈ ഒരു ദിവസം തുടിയും മുട്ടി കഅബയെ ത്വവാഫ് ചെയ്യുമ്പോൾ (ഏത് റസൂലിൻെറ ചര്യായാണാവൊ ഇത്, തമ്പുരാനെ?) മക്കാനിവാസികൾ അദ്ദേഹത്തോട് പറഞ്ഞു: ‘ഇവ്വിധത്തിൽ തുടിമുട്ടി ത്വവാഫു ചെയ്യരുത്.’ അപ്പോൾ രോഷാകുലനായ രിഫാഈ തൻെറ തുടിയെ കഅബയുടെ മതിലിൽ കൊളുത്തിയിട്ട്, കഅബയോട് തന്നെ ത്വവാഫു ചെയ്യാൻ പറഞ്ഞു. ഉടനെ രിഫാഇയെ ത്വവാഫു ചെയ്യാനായി കഅബ ഇളകാൻ തുടങ്ങി. ഇത് കണ്ട അല്ലാഹുവും, ഏഴ് ആകാശത്തിൻെറ വാതിലും തുറന്ന് സകല മലക്കുകളും ‘എളിവർ രിഫാഈ, (എൻെറ പൊന്ന് രിഫാഈ എന്നൊ മറ്റൊ ആകും) ഒന്ന് നിർത്തണേ’ എന്ന് കരഞ്ഞ് നിലവിളിച്ചു, എന്ന് കഥാ സാരം. എങ്ങനെയുണ്ട്? ഗുജഗംഭീരം!!!)*

## *തുടി മുട്ടൽ ബിദ്അത്താണെന്ന് സമസ്തക്കാർ*

“തുടി ഒഴിച്ചുള്ള ചെണ്ടകൾ, ദഫ്, കൊടി, ശീരണിക്കൊട്ട, ആന, സത്യക്കൂട എന്നിവ അനാചാരങ്ങളല്ല.” (അൽമുബാറക് വാരിക, 1989 നവം. 21) അഥവാ <u>തുടി അനാചാരമാണെന്നർത്ഥം.</u>

**എന്നാൽ സമസ്തക്കാരുടെ ശൈഖാവട്ടെ ത്വവാഫു ചെയ്യുന്നത് തുടി മുട്ടിയും!!! വല്ലാത്തവലിയ്യും!!!! വല്ലാത്ത സമസ്തയും!!!!!**

## *സത്യത്തിൽ, എല്ലാ അദൃശ്യ കാര്യങ്ങളും മഹാന്മാർ അറിയുമെന്ന് സമസ്തക്കാർ വിശ്വസിക്കുന്നുണ്ടൊ? വായിക്കുക:*

ഉസാമത് ബ്ൻ സൈദി(റ)ൽ നിന്ന് നിവേദനം: ജുഹൈന ഗോത്രത്തിൽപ്പെട്ട ചില ആളുകളെ കൊള്ളെ നബി (സ്വ) ഞങ്ങളെ നിയോഗിച്ചയച്ചു. അങ്ങനെ അവരിൽപ്പെട്ട ഒരാളെ സമീപിച്ചു. ഞാൻ അയാളെ കുത്താൻ ഒരുങ്ങി അപ്പോൾ അയാൾ ‘ലാ ഇലാഹ ഇല്ലല്ലാഹു’ ഉച്ചരിച്ചു. എകിലും ഞാനയാളെ കുത്തിക്കൊലപ്പെടുത്തുക തന്നെ ചെയ്തു. അനന്തരം ഞാൻ നബി(സ്വ)യുടെ അടുക്കൽ ചെന്നു. ഈ വിവരം പറഞ്ഞപ്പോൾ അവിടുന്ന് ചോദിച്ചു: ‘അല്ലാഹു ഒഴികെ ആരാധ്യനില്ലെന്ന സാക്ഷ്യം വഹിച്ചിരിക്കെ (ശഹാദത്ത് ചൊല്ലിയതിന് ശേഷം) നീ അയാളെ കൊന്നുവൊ? ഞാൻ പറഞ്ഞു: ‘അതെ റസൂലെ, താത്കാലിക രക്ഷക്കു വേണ്ടി മാത്രമാണ് അയാൾ അത് പറഞ്ഞത്.’ നബി (സ്വ) ചോദിച്ചു, നിനക്ക് അയാളുടെ ഹൃദയം കീറി നോക്കരുതായിരുന്നൊ?” (ബുഖാരി മുസ്ലിം സംയുക്ത ഹദീഥ് പരിഭാഷ, 2/123, ഇബ്റാഹീം പുത്തൂർ ഫൈസി)

## *എന്തായിരിക്കും ഈ ഹദീസിന്റെ സാരം? പുത്തൂർ ഫൈസി തന്നെ പറയട്ടെ:*

“<u>ഹൃദയത്തിൻെറ ഉള്ളറിഞ്ഞാലേ സത്യാവസ്ഥ ബോധ്യമാകൂ. അത് സാധ്യമല്ലെന്നിരിക്കെ</u> ബാഹ്യനില പരിഗണിച്ച് അയാളെ പാട്ടിനു വിടുകയായിരുന്നു വേണ്ടിയിരുന്നതെന്നാണ് ഈ വാക്കിൻെറ താത്പര്യം” (ബുഖാരി മുസ്ലിം സംയുക്ത ഹദീഥ് പരിഭാഷ, 2/123, ഇബ്റാഹീം പുത്തൂർ ഫൈസി)

പ്രവാചക തിരുമേനിയുടെ ലാളനയും സ്നേഹവും ഏറ്റു വളർന്ന സ്വഹാബിയായിരുന്ന സൈദി(റ)ൻെറ പുത്രനായ ഉസാമത്(റ). ആ മഹാനായ സ്വഹാബിക്കാണ് തൻെറ മുമ്പിൽ നിന്ന് ശഹാദത്ത് കലിമ ചൊല്ലിയ വ്യക്തിയുടെ ഉള്ളറിയാതെ പോയത്. അന്യൻെറ ഉള്ളറിയുക എന്നത് സാധ്യമല്ലെന്നാണ് ‘സമസ്തക്കാരൻ പുത്തൂർ ഫൈസി’ തന്നെ മുകളിൽ പ്രസ്താവിച്ചത്.

## *ഇനിപറയുക, എല്ലാ അദൃശ്യ കാര്യങ്ങളും മഹാന്മാർ അറിയുമെന്ന് സമസ്തക്കാർ വിശ്വസിക്കുന്നുണ്ടൊ? ഇല്ല!! ഇല്ലേയില്ല!!!*

കുപ്പിയകത്തുള്ള വസ്തുവിനെപ്പോലെ മനുഷ്യരുടെ ഹൃദയത്തിലുള്ളത് അറിയാൻ കഴിയുമെന്നാണല്ലൊ സമസ്തക്കാരുടെ വിശ്വാസം.

## സത്യമാണോ അത്? അവർ തന്നെ പറയട്ടെ:

“ഖാജാ മുഹ്‌യുദ്ദീനും താനും കളിക്കുമ്പോൾ
കണ്ണിൻ പിരിയത്തിൻ മേലെ ഒളിച്ചോവർ
കണ്ടില്ല കരുമിശി മാമനിൽ ചൊല്ലിയാർ
കണ്ടില്ല ഉകൾ വരുവിൻ അതെന്നോവർ”
(രിഫാഈ മാല)

(കഥാ സാരം: ഒരു ദിവസം രിഫാഈ ശൈഖും മുഹ്‌യുദ്ധീൻ ശൈഖും കണ്ണു പൊത്തിക്കളിക്കുകയായിരുന്നു. മുഹ്‌യുദ്ദീൻ ശൈഖ് കണ്ണ് പൊത്തുന്നു.. ഒന്നേ... രണ്ടേ... മൂന്നേ... രിഫാഈ ശൈഖാട്ടെ ദൂരെയൊന്നും പോയില്ല. മുഹ്‌യുദ്ദീൻ ശൈഖിന്റെ കണ്ണിൻ പുരികത്തിൽ തന്നെ കയറിയൊളിച്ചു. എണ്ണിക്കഴിഞ്ഞ മുഹ്‌യുദ്ദീൻ ശൈഖവർകൾ, രിഫാഈ ശൈഖിനെ തെരയാൻ തുടങ്ങി. ഫലം നാസ്തി. എവിടേയും ശൈഖിനെ കാണാനില്ല. അവസാനം അദ്ദേഹം പറഞ്ഞു, ഞാൻ തോറ്റിരിക്കുന്നു... ‘കണ്ടില്ല ഉകൾ വരുവിൻ അതെന്നോവർ’. അങ്ങനെ രിഫാഈ ശൈഖ് മുഹ്‌യുദ്ദീൻ ശൈഖിന്റെ കൺപുരികത്തിൽ നിന്നും ‘കൂളാ’യി ഇറങ്ങി വന്നു) മഹാന്മാരെ ആദരിക്കുന്നതിന്റെ ഒരു കോലം!!!

## അദൃശ്യ കാര്യത്തെപ്പറ്റി അല്ലാഹു എന്തു പറയുന്നു? ക്വുർആനിൽ നിന്ന് വായിക്കുക:

*അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയു കയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇല പോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയാകട്ടെ, പച്ചയോ, ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ, വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല. (അൻആം: 59)*

*(നബിയേ,) പറയുക: എന്റെ സ്വന്തം ദേഹത്തിന് തന്നെ ഉപകാരമോ, ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യകാര്യമറിയാമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിൻമ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്. (അഅ്റാഫ്: 188)*

*അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നുമില്ല. ഞാൻ അദൃശ്യകാര്യം അറിയുകയുമില്ല. ഞാൻ മലക്കാണ് എന്നും ഞാൻ നിങ്ങളോട് പറയുന്നില്ല. നിങ്ങളുടെ കണ്ണുകൾ നിസ്സാരമായി കാണുന്നവരെപ്പറ്റി, അവർക്ക് അല്ലാഹു യാതൊരു ഗുണവും നൽകുന്നതേയല്ല എന്നും ഞാൻ പറയുകയില്ല. അല്ലാഹുവാണ് അവരുടെ മനസ്സുകളിലുള്ളതിനെപ്പറ്റി നല്ലവണ്ണം അറിയുന്നവൻ. (ഹൂദ്: 31)*

## സമസ്തയുടെ മഹാന്മാരിൽചിലർ:







അബൂ നസീഫ്
സൗദീ അറേബ്യ